# പ്രാദേശിക ഭരണസംവിധാനവും വിദ്യാർത്ഥികളും

**(ഹയർ സെക്കണ്ടറി, വൊക്കേഷനൽ ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടി)**

കൈപുസ്തകം - 1

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

മുളങ്കുന്നത്തുകാവ് പി.ഒ., തൃശ്ശൂർ-680 581

| | |
|---|---|
| **Local Governance and Students** | **പ്രാദേശിക ഭരണ സംവിധാനവും വിദ്യാർത്ഥികളും** |
| *Chief Editor* | *ചീഫ് എഡിറ്റർ* |
| **Dr. P.P. Balan** | **ഡോ. പി.പി. ബാലൻ** |
| Director, KILA | ഡയറക്ടർ, കില |
| *Prepared by* | *തയ്യാറാക്കിയത്* |
| **Dr. J.B. Rajan** | **ഡോ. ജെ.ബി. രാജൻ** |
| Assistant Professor, KILA | അസിസ്റ്റന്റ് പ്രൊഫസർ, കില |
| **K. Gopalakrishnan** | **കെ. ഗോപാലകൃഷ്ണൻ** |
| Extention Faculty, KILA | എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില |
| **U.V. Baburaj** | **യു.വി. ബാബുരാജ്** |
| Extention Faculty, KILA | എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില |
| *Editorial Support* | *എഡിറ്റോറിയൽ സഹായം* |
| **Prathap Singh A.S.** | **പ്രതാപ് സിംഗ് ഏ.എസ്.** |
| Training Associate, KILA | ട്രെയ്നിംഗ് അസോസിയേറ്റ്, കില |
| *DTP* | *ഡി.റ്റി.പി.* |
| **C.K. Sulochana** | **സി.കെ. സുലോചന** |
| *Cover Design & Layout* | *കവർ ഡിസൈൻ & ലേയൗട്ട്* |
| **Usman Kuttoth** | **ഉസ്മാൻ കുട്ടോത്ത്** |
| *Published by* | *പ്രസാധനം* |
| **Kerala Institute of Local Administration (KILA)** | **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)** |
| Mulamkunnathukavu P.O. | മുളങ്കുന്നത്തുകാവ് പി.ഒ. |
| Thrissur-680 581, Kerala | തൃശ്ശൂർ-680 581, കേരളം |
| Phone: 0487 2201768, 2200244 | ഫോൺ: 0487 2201768, 2200244 |
| Fax : 0487 2201062 | ഫാക്സ് : 0487 2201062 |
| E-mail: kila@md2.vsnl.net.in | ഇ-മെയിൽ: kila@md2.vsnl.net.in |
| *Printed at* | *അച്ചടി* |
| Co-operative Press, Mulamkunnathukavu | കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് |
| Ph : 0487-2200391 | ഫോൺ : 0487-2200391 |
| August 2014 | ആഗസ്റ്റ് 2014 |

# പ്രസാധക കുറിപ്പ്

**പ്രാ**ദേശിക ഭരണസംവിധാനം ഏറെ ശക്തിപ്പെട്ടിട്ടുള്ള സംസ്ഥാനമാണ് കേരളം. ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക കാര്യങ്ങളും ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയാണ് നടക്കുന്നത്. ജനജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രാദേശിക ഭരണസംവിധാനം അതിന്റെ സാന്നിദ്ധ്യം അടയാളപ്പെടുത്തിയിരിക്കുന്നു. ഭരണപ്രക്രിയയിലൂടെ ജനജീവിതത്തെ നിയന്ത്രിക്കുന്നതോടൊപ്പം അവ ജനങ്ങളുടെ വികസന-ക്ഷേമ കാര്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും ചെയ്യുന്നു. ജനങ്ങൾ ഏറെ പ്രതീക്ഷയോടെയാണ് പ്രാദേശിക ഭരണസംവിധാനത്തെ കാണുന്നത്.

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ചേർന്ന നമ്മുടെ ത്രിതല പഞ്ചായത്ത് സംവിധാനവും, മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും ചേർന്ന നഗരഭരണ സംവിധാനവും രാജ്യത്തിന് മാത്രമല്ല ലോകത്തിനുതന്നെ മാതൃകയണ്. എങ്ങനെ ഇത് സാധ്യമായി? ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ സ്വയംഭരണ സർക്കാരുകളാക്കി. അവയെ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ആധിപത്യമുള്ള ജനാധിപത്യവേദികളാക്കി. അവയ്ക്കു കീഴിൽ സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും അണിനിരത്തി. പ്രത്യക്ഷ ജനാധിപത്യത്തിന്റെ വേദികളായ ഗ്രാമസഭകളും വാർഡ്സഭകളും കൂടി സക്രിയമായതോടെ ഈ ഭരണസംവിധാനം ജനജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറി.

പ്രാദേശിക ഭരണസംവിധാനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. അതിന് പുതിയ തലമുറ ഈ സംവിധാനത്തോട് കൂടുതൽ അടുക്കേണ്ടതുണ്ട്. 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥികൾ ഇന്ന് വോട്ടവകാശമുള്ള പൗരന്മാരാണ്. അവർ ഈ സംവിധാനത്തെ കൂടുതൽ മനസ്സിലാക്കാനും കൂടുതൽ ഇടപെടാനും ശ്രമിച്ചാൽ മാത്രമേ ഈ

സംവിധാനത്തെ സർഗാത്മകമാക്കാൻ കഴിയൂ. അതിന് പുതിയ തലമുറയെ നമ്മുടെ പ്രാദേശിക ഭരണസംവിധാനത്തെ പരിചയപ്പെടുത്തേണ്ടതുണ്ട്. അതിനായി ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് സംസ്ഥാന വ്യാപകമായി ഒരു പരിശീലന പരിപാടിക്ക് കില തുടക്കം കുറിക്കുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ പ്രാദേശിക ഭരണ സംവിധാനം, ഗ്രാമസഭകൾ/വാർഡ്സഭകൾ, അറിയാനുള്ള അവകാശം എന്നീ മൂന്ന് വിഷയങ്ങൾ പരിചയപ്പെടുത്താനാണ് ശ്രമിക്കുന്നത്.

ഈ പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതിനുവേണ്ടി പ്രാദേശിക ഭരണസംവിധാനം, ഗ്രാമസഭകൾ/വാർഡ്സഭകൾ, അറിയാനുള്ള അവകാശം എന്നീ മൂന്ന് കൈപ്പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ വിഷയത്തെക്കുറിച്ചും ലഘുവിവരണം മാത്രമേ കൈപ്പുസ്തകങ്ങളിൽ നൽകിയിട്ടുള്ളു. പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ വേണ്ട ശ്രമം നടത്തുവാനും കൂടുതൽ ഇടപെടാനുള്ള ശേഷി കൈവരിക്കാനും ഈ പുസ്തകങ്ങളിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പരിശീലന പരിപാടക്കുവേണ്ടി ഒരു ഡോക്യുമെന്ററി വീഡിയോ തയ്യാറാക്കിയിട്ടുണ്ട്. പരിശീലന ക്ലാസ്സുകൾ ഫലപ്രദമാക്കാൻ അത് ഏറെ സഹായിക്കുമെന്ന് വിശ്വസിക്കുന്നു.

കൈപുസ്തകങ്ങളും ഡോക്യുമെന്ററി വീഡിയോയും തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ കിലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെ.ബി. രാജൻ, മുഖ്യ പങ്കുവഹിച്ച ശ്രീ. കെ. ഗോപാലകൃഷ്ണൻ, ശ്രീ. യു.വി ബാബുരാജ് കിലയിലെ എന്റെ സഹപ്രവർത്തകർ എന്നിവരോട് നന്ദി രേഖപ്പെടുത്തുന്നു.

**ഡോ. പി.പി. ബാലൻ**

ആഗസ്റ്റ് 2014

ഡയറക്ടർ, കില

# ആമുഖം

**ശ**ക്തമായ പ്രാദേശിക ഭരണവ്യവസ്ഥ നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. പ്രാദേശിക ഭരണവ്യവസ്ഥ കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ ജനകീയ ഇടപെടലുകൾ ആവശ്യമാണ്. അതിനുള്ള വേദികളാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമസഭകളും, നഗരഭരണ തലത്തിൽ വാർഡ് സഭകളും. ഇവയ്ക്ക് പുറമെ ജനകീയ സമിതികളായ ഊരുകൂട്ടങ്ങൾ (പട്ടികവർഗ്ഗ മേഖലകളിൽ), മത്സ്യസഭകൾ (മത്സ്യമേഖലകളിൽ), വാർഡ് വികസന സമിതികൾ, കുടുംബശ്രീ സംഘടനാ സംവിധാനങ്ങൾ എന്നിവയും പ്രദേശികഭരണ സംവിധാനങ്ങളുടെ ജനകീയ ഇടപെടൽ വേദികളാണ്. ഇതിലൂടെ സുതാര്യവും, സുശക്തവുമായ ഒരു ഭരണ സംവിധാനമാണ് വിഭാവനം ചെയ്യുന്നത്. പ്രായോഗിക തലത്തിൽ ഇവ കാര്യക്ഷമമായി ചലിക്കണമെങ്കിൽ പ്രാദേശിക ഭരണ സംവിധാനം, ഗ്രാമസഭ മുതലായവയെക്കുറിച്ച് വ്യക്തമായ അവബോധം പൊതുസമൂഹത്തിലെ വിദ്യാർത്ഥികളടക്കമുള്ള എല്ലാവർക്കും ഉണ്ടാവേണ്ടത് അനിവാര്യമാണ്.

പ്രാദേശിക ഭരണ സംവിധാനത്തിൽ ഇടപെടാൻ വിദ്യാർത്ഥികളെ യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനുതകുന്ന തരത്തിലുള്ള ഒരു പരിശീലലന പരിപാടിയാണ് ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി കില രൂപകല്പന ചെയ്തിരിക്കുന്നത്. ഗ്രാമ/വാർഡ്സഭ അംഗങ്ങളാകാൻ പോകുന്നവർ, അല്ലെങ്കിൽ ഗ്രാമ/വാർഡ് സഭയിലെ പുതിയ അംഗങ്ങൾ എന്ന നിലയിൽ വിദ്യാർത്ഥികൾക്ക് പ്രാദേശിക ഭരണ സംവിധാനത്തിൽ നിർണ്ണായക പങ്കുവഹിക്കാനാകും. കൂടാതെ സുതാര്യഭരണം ഉറ

പ്പുവരുത്തുന്നതിന് വിവരാവകാശ നിയമത്തിന്റെ അനന്ത സാധ്യതകളും പ്രയോജനപ്പെടുത്താനാകും.

ഇത്തരുണത്തിൽ പ്രാദേശിക ഭരണസംവിധാനം, ഗ്രാമസഭ, വിവരാവകാശം എന്നീ മൂന്ന് വിഷയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള വിജ്ഞാന വ്യാപന പരിപാടിയാണ് ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് വേണ്ടി സംഘടിപ്പിച്ചിരിക്കുന്നത്. പ്രാദേശിക ഭരണ സംവിധാനം എന്ന ഈ കൈപുസ്തകവും കൂടാതെ ഗ്രാമസഭ/വാർഡ്സഭ, അറിയാനുള്ള അവകാശം എന്നീ കൈപ്പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

പരിശീലന പരിപാടിയിലുൾപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ലളിതമായ ഭാഷയിൽ തയ്യാറാക്കിയ കൈപ്പുസ്തകങ്ങളിലൂടെയും, വീഡിയോ പ്രദർശനത്തിലൂടെയും വിജ്ഞാന വ്യാപനം ചെയ്യുന്നതിലൂടെ പ്രാദേശിക ഭരണ സംവിധാനത്തെ പറ്റി മനസ്സിലാക്കുന്നതിനും ഗ്രാമസഭകളിൽ സജീവ പങ്കാളികളാകുന്നതിനും വിദ്യാർത്ഥികൾ പ്രാപ്തരാകുമെന്ന് പ്രത്യാശിക്കുന്നു.

**ഡോ. ജെ.ബി. രാജൻ**
കോഴ്സ് ഡയറക്ടർ

# ഉള്ളടക്കം


പേജ് നമ്പർ

പ്രസാധക കുറിപ്പ്

ആമുഖം

**പ്രാദേശിക ഭരണ സംവിധാനം**

1 എന്താണ് പ്രാദേശിക ഭരണ സംവിധാനം ? 1

2 പ്രാദേശിക ഭരണ സംവിധാനം - സവിശേഷതകൾ 1

3 കേരള പഞ്ചായത്ത് രാജ് - മുനിസിപ്പാലിറ്റി നിയമങ്ങൾ 3

4 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ 3

5 അധികാര വികേന്ദ്രീകരണം - കേരളത്തിലെ സവിശേഷതകൾ 4

6 പ്രാദേശിക സർക്കാരും പ്രാദേശിക ഭരണ വ്യവസ്ഥയും 5

7 കേരളത്തിലെ പ്രാദേശിക ഭരണ സംവിധാനം 6

8 കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 7

9 തദ്ദേശ ഭരണ സ്ഥാപനങ്ങളും കമ്മിറ്റി സംവിധാനവും 8

10 പ്രാദേശിക ഭരണ സംവിധാനവും ജനകീയ സംഘടനാ സംവിധാനങ്ങളും 11

11 സർക്കാർ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും 12

12 പ്രാദേശിക ഭരണ സംവിധാനത്തിൽ വിദ്യാർത്ഥികളുടെ പങ്ക് 13

# പ്രാദേശിക ഭരണ സംവിധാനം

## 1. എന്താണ് പ്രാദേശിക ഭരണ സംവിധാനം?

അതത് പ്രദേശത്തെ ഭരണ-വികസന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രാദേശിക തലത്തിൽ പ്രവർത്തനം നടത്താൻ ചുമതലപ്പെട്ട സ്വയംഭരണ സംവിധാനത്തെയാണ് പ്രാദേശിക ഭരണസംവിധാനം എന്നു പറയുന്നത്. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ രാജ്യത്ത് രണ്ട് തലത്തിലുള്ള ഭരണകൂടങ്ങളാണ് വ്യവസ്ഥ ചെയ്യപ്പെട്ടത്. ഒന്ന് കേന്ദ്ര സർക്കാർ, രണ്ട് സംസ്ഥാന സർക്കാരുകൾ. ഏറെക്കാലത്തെ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം മൂന്നാം തല ഭരണസംവിധാനമായി പ്രാദേശിക സർക്കാരുകൾ ഇന്ത്യൻ ഭരണഘടനയിൽ 1993 ൽ വ്യവസ്ഥ ചെയ്യപ്പെട്ടു; ഭരണഘടനയുടെ 73 -ാം ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും 74-ാം ഭേദഗിതിയിലൂടെ നഗരപാലികാ സ്ഥാപനങ്ങളും. അതോടെ പഞ്ചായത്തുകളും നഗരപാലികാ സ്ഥാപനങ്ങളും (മുൻസിപ്പാലിറ്റികളും, കോർപ്പറേഷനുകളും) കേന്ദ്ര-സംസ്ഥാന സർക്കാരുകളെപ്പോലെ ഭരണഘടനാ പിൻബലമുള്ള പ്രാദേശിക സ്വയംഭരണ സർക്കാരുകളായി മാറി. ഇതിലൂടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ അധികാര വികേന്ദ്രീകരണം എന്ന സ്വപ്നം സാക്ഷാത്കരിച്ചു.

## 2. പ്രാദേശിക ഭരണസംവിധാനം - സവിശേഷതകൾ

ഇന്ത്യൻ ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതികളോടെ നിലവിൽ വന്ന പ്രാദേശിക ഭരണസംവിധാനത്തിന്റെ (പഞ്ചായത്തീ രാജും നഗരപാലികാ സ്ഥാപനങ്ങളും) പ്രധാന സവിശേഷതകൾ ചുവടെ പറയുന്നു.

- പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാ പിൻബലം.
- പ്രത്യക്ഷ ജനാധിപത്യ വേദികളായ ഗ്രാമസഭകൾക്കും വാർഡ്സഭകൾക്കും ഭരണഘടനാ പിൻബലം.
- ഗ്രാമഭരണത്തിന് ത്രിതല പഞ്ചായത്ത് രാജ് സംവിധാനവും (ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ

പഞ്ചായത്തുകൾ); നഗരഭരണത്തിന് നഗരപാലികാ സ്ഥാപനങ്ങളും (മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും).

- ഓരോ 5 വർഷം കൂടുമ്പോൾ തിരഞ്ഞെടുപ്പ് നിർബന്ധം (ഏതെങ്കിലും ഒരു സ്ഥാപനം പിരിച്ചു വിടുകയാണെങ്കിലും, ഒരു സ്ഥാപനത്തിൽ ഏതെങ്കിലും അംഗത്തിന്റെ ഒഴിവ് വരികയാണെങ്കിലും 6 മാസത്തിനകം തിരഞ്ഞെടുപ്പ് നടത്തണം).
- അംഗത്വത്തിലും അദ്ധ്യക്ഷ പദവിയിലും 50 ശതമാനം സ്ത്രീസംവരണം (ഭരണഘടനയുടെ 73, 74 ഭേദഗതികൾ 1992 ൽ പാർലമെന്റ് പാസാക്കിയപ്പോൾ മൂന്നിലൊന്നായിരുന്നു സ്ത്രീസംവരണം. 7.10.2009 ൽ ഇത് 50 ശതമാനമാക്കാൻ കേരള സർക്കാർ നിയമഭേദഗതി കൊണ്ടുവന്നു. 2010 ലെ തെരഞ്ഞെടുപ്പ് മുതൽ 50% സ്ത്രീ സംവരണം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി).
- അംഗത്വത്തിലും അദ്ധ്യക്ഷ പദവിയിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം
- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ സ്വതന്ത്ര തെരഞ്ഞെടുപ്പ് സംവിധാനം
- ധനകാര്യ കമ്മീഷൻ - സംസ്ഥാന സർക്കാരിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വികേന്ദ്രീകരിച്ച് നൽകുന്നതിന് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള സംവിധാനം.
- ജില്ലാ ആസൂത്രണ സമിതികൾ - ജില്ലയ്ക്ക് മൊത്തത്തിൽ വികസന പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നതിനുള്ള സംവിധാനം.
- പദ്ധതികൾ തയ്യാറാക്കാനും നടപ്പിലാക്കാനുമുള്ള അവകാശം.
- പതിനൊന്നാം പട്ടികയും (പഞ്ചായത്തുകളുടെ ചുമതലയിലുള്ള വിഷയങ്ങൾ) പന്ത്രണ്ടാം പട്ടികയും (നഗരപാലികാ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള വിഷയങ്ങൾ) ഭരണഘടനയിൽ ഉൾപ്പെടുത്തി.

## 3. കേരള പഞ്ചായത്ത് രാജ് - മുനിസിപ്പാലിറ്റി നിയമങ്ങൾ

കേരള പഞ്ചായത്ത് നിയമം (1960), കേരള മുനിസിപ്പാലിറ്റി നിയമം (1961) എന്നിവയാണ് 73 ഉം 74 ഉം ഭരണഘടനാ ഭേദഗതികൾക്കു മുമ്പ് നമ്മുടെ സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടായിരുന്നത്. എന്നാൽ പ്രസ്തുത ഭരണഘടനാ ഭേദഗതികൾക്കനുസൃതമായി 1994 ഏപ്രിൽ 24ന് പുതിയ പഞ്ചായത്ത് രാജ് നിയമവും പുതിയ മുനിസിപ്പാലിറ്റി നിയമവും കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് നിയമം (1994), കേരള മുനിസിപ്പാലിറ്റി നിയമം (1994) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരളത്തിലെ ത്രിതല പഞ്ചായത്തുകളും നഗരപാലികാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന് ശേഷമുള്ള തെരഞ്ഞെടുപ്പിലൂടെ 1995 ഒകടോബർ 2 ന് നമ്മുടെ സംസ്ഥാനത്ത് പുതിയ പ്രാദേശിക സർക്കാരുകൾ നിലവിൽ വന്നു.

## 4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3, 4, 5 പട്ടികകളിൽ യഥാക്രമം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടേയും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 1-ാം പട്ടികയിൽ നഗരപാലികാ സ്ഥാപനങ്ങളുടേയും (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും) ചുമതലകൾ പ്രതിപാദിച്ചിരിക്കുന്നു. അതുപ്രകാരം **ഗ്രാമപഞ്ചായത്തുകൾക്കും നഗരപാലികാസ്ഥാപനങ്ങൾക്കും** താഴെ പറയും പ്രകാരം 3 വിഭാഗത്തിലുള്ള ചുമതലകളാണുള്ളത്.

i. അനിവാര്യ ചുമതലകൾ
ii. പൊതു ചുമതലകൾ
iii. വികസന മേഖലാ ചുമതലകൾ

അനിവാര്യ ചുമതലകളെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ടവ, പൊതു സൗകര്യങ്ങളുമായി ബന്ധപ്പെട്ടവ, ആസ്തികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടവ, ലൈസൻസുകളും അനുവാദങ്ങളുമായി ബന്ധപ്പെട്ടവ എന്നിങ്ങനെ നാലായി വിഭജിക്കാവുന്നതാണ്.

ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പൊതു ചുമതലകൾ, വികസനമേഖലാ ചുമതലകൾ എന്നിങ്ങനെ രണ്ടു വിഭാഗം ചുമതലകളാണുള്ളത്.

മേല്പറഞ്ഞ മൂന്ന് വിഭാഗം ചുമതലകൾക്ക് പുറമെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏല്പിക്കുന്ന ചുമതലകളും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവ്വഹിച്ചുവരുന്നു.

**5. അധികാരവികേന്ദ്രീകരണം – കേരളത്തിലെ സവിശേഷതകൾ**

അധികാരവികേന്ദ്രീകരണത്തിനായി സംസ്ഥാന സർക്കാരുകളിൽ നിന്നും അധികാരം പ്രാദേശിക ഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറുന്നതിന് ഭരണഘടനാ വ്യവസ്ഥ ചെയ്യുന്നു. ഭരണഘടന വിഭാവനം ചെയ്ത പ്രകാരം അധികാരവികേന്ദ്രീകരണം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിയ ഏക സംസ്ഥാനം കേരളമാണ്. ഉന്നതശ്രേണിയിൽ നിക്ഷിപ്തമായിരിക്കുന്ന (കേന്ദ്രം/സംസ്ഥാനം) അധികാരത്തെ കീഴ്ത്തട്ടിലേക്ക് (ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലേക്കും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലേക്കും അതിലൂടെ ഗ്രാമ/വാർഡ് സഭകളിലേക്കും) കൈമാറുക എന്നതാണ്. അധികാരവികേന്ദ്രീകരണം. അധികാരവികേന്ദ്രീകരണത്തിലൂടെ രൂപപ്പെടുന്ന പ്രാദേശിക ഭരണകൂടത്തിന് സ്വയംഭരണ സർക്കാരായി പ്രവർത്തിക്കാനുള്ള താഴെ പറയുന്ന സാഹചര്യം ഉണ്ടാകണം.

i) സ്വയംഭരണാവകാശം

ii) വ്യക്തമായ ചുമതലകൾ

iii) വിഭവസ്രോതസ്സുകൾ

iv) ഉദ്യോഗസ്ഥ-സ്ഥാപന സംവിധാനം

v) നിയമങ്ങൾ, ചട്ടങ്ങൾ

സ്വയംഭരണാവകാശം (Autonomy), ചുമതലകൾ ( Functions), വിഭവങ്ങൾ (Funds), ഉദ്യോഗസ്ഥർ ( Functionaries) എന്നിവയെല്ലാം കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സ്വയംഭരണ സർക്കാരുകളായി പ്രവർത്തിക്കാൻ വേണ്ട നിയമങ്ങളും ചട്ടങ്ങളുമുണ്ട്. ഇവയെല്ലാം ലഭ്യമായതോടെ പ്രാദേശിക ഭരണകൂടങ്ങൾ സ്വയംഭരണ സർക്കാരുകളായി.

ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിലൂടെ രൂപീകൃതമായ പ്രാദേശിക സർക്കാരുകൾ ചുവടെപ്പറയുന്ന സദ്ഭരണ തത്വങ്ങളിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്.

i) സ്വയംഭരണാവകാശം ഉറപ്പുവരുത്തൽ (Autonomy)

ii) ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തൽ (Participation)
iii) ഭരണത്തിൽ സുതാര്യത ഉറപ്പുവരുത്തൽ (Transparency)
iv) കാര്യക്ഷമതയുള്ള ഭരണം (Efficiency)
v) ജനങ്ങളോടുള്ള ഉത്തരവാദിത്തം നിറവേറ്റൽ (Accountability)
vi) എല്ലാവർക്കും തുല്യവും പക്ഷപാതരഹിതവുമായ അവസരം (Equity)
vii) ജനാഭിപ്രായങ്ങളോടുള്ള പ്രതികരണാത്മകത (Responsiveness)
viii) നിയതവും നീതിപൂർവ്വവുമായ ഭരണ പ്രക്രിയ (Due Process)


**അധികാരം ജനങ്ങൾക്ക് എന്നതാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന്റെ മുദ്രാവാക്യം.** അധികാരം താഴെത്തട്ടിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു എന്നുമാത്രമല്ല ജനാധിപത്യ തത്വങ്ങളിലധിഷ്ഠിതവുമാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണം. ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ (1997–2002) ജനകീയാസൂത്രണത്തിലൂടെയാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയത്. പ്രാദേശികാസൂത്രണത്തിലും, നിർവ്വഹണത്തിലും മോണിറ്ററിംഗിലും ജനങ്ങൾക്ക് പ്രാമുഖ്യം നൽകുക എന്നതാണ്. ജനകീയാസൂത്രണത്തിലൂടെ അർത്ഥമാക്കുന്നത്. 1997 മുതൽ ഘട്ടം ഘട്ടമായി വിപുലമായ പ്രചരണ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്നത്.

## 6. പ്രാദേശിക സർക്കാരും പ്രാദേശിക ഭരണ വ്യവസ്ഥയും

പ്രാദേശിക സർക്കാർ (Local Government) എന്നാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളും ആ സർക്കാരിന്റെ ഭാഗമായ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ഗ്രാമസഭയും ചേർന്നതാണ്. പ്രാദേശിക ഭരണവ്യവസ്ഥ (Local Governance) എന്നാൽ പ്രാദേശിക സർക്കാരിന് പുറമെ സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ, അയൽസഭകൾ, വാർഡ്തലത്തിലുള്ള വിവിധ കമ്മിറ്റികൾ, തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള വിവിധ കമ്മിറ്റികൾ, വിവിധങ്ങളായ ജനകീയ സമിതികൾ, സന്നദ്ധ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങി പ്രാദേശിക ഭരണത്തിൽ ഉൾച്ചേർക്കാൻ കഴിയുന്ന മുഴുവൻ സംവിധാനങ്ങളും ചേരുന്നതാണ്.

## 7. കേരളത്തിലെ പ്രാദേശിക ഭരണ സംവിധാനം

കേരളത്തിലെ പ്രാദേശിക ഭരണ സംവിധാനം സംബന്ധിച്ച ചാർട്ട് ചുവടെ കൊടുക്കുന്നു.



## 8. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

(i) കേരള പഞ്ചായത്ത് രാജ് നിയമം (1994) പ്രകാരം ത്രിതല പഞ്ചായത്തുകളും (ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ) കേരള മുനിസിപ്പാലിറ്റി നിയമം (1994) പ്രകാരം നഗരപാലികാ സ്ഥാപനങ്ങളും രൂപീകൃതമായിട്ടുണ്ട് എന്ന് സൂചിപ്പിച്ചുവല്ലോ. 2010–2015 കാലയളവിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വാർഡുകളുടേയും എണ്ണം പട്ടിക –1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1 : കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ( 2010-2015)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എണ്ണം | വാർഡുകളുടെ എണ്ണം | അംഗസംഖ്യ (വാർഡുകൾ) | |
|---|---|---|---|---|---|
| | | | | കുറഞ്ഞ എണ്ണം | പരമാവധി എണ്ണം |
| 1. | ഗ്രാമപഞ്ചായത്ത് | 978 | 16680 | 13 | 23 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 152 | 2093 | 13 | 23 |
| 3. | ജില്ലാ പഞ്ചായത്ത് | 14 | 332 | 16 | 32 |
| 4. | മുനിസിപ്പാലിറ്റി | 60 | 2216 | 26 | 52 |
| 5. | മുനിസിപ്പൽ കോർപ്പറേഷൻ | 5 | 359 | 55 | 100 |
| | **ആകെ** | **1209** | **21680** | - | - |

(ii) ജനസംഖ്യയെ അടിസ്ഥാനമാക്കിയാണ് വാർഡുകളുടെ എണ്ണം നിശ്ചയിക്കുന്നത് (ചുമതല സംസ്ഥാന സർക്കാരിന്).

(iii) ഒരു ഭരണസമിതി നിലവിൽ വന്നാൽ അതിന്റെ കാലാവധിക്കുള്ളിൽ വാർഡുകളുടെയോ തദ്ദേശഭരണ സ്ഥാപനത്തിന്റെയോ അതിർത്തി മാറ്റം വരുത്തുന്നതല്ല.

(iv) തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളടങ്ങുന്ന കമ്മിറ്റിയിലാണ് ഭരണാധികാരം നിക്ഷിപ്തമായിരിക്കുന്നത്.

(v) മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ കൂടണം.

(vi) നിയമവ്യവസ്ഥകൾക്കനുസരിച്ചുള്ള അധികാരം വിനിയോഗിക്കാനും ചുമതലകൾ നിറവേറ്റാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവകാശമുണ്ട്. എന്നാൽ നിയമവ്യവസ്ഥകൾക്ക് വിരുദ്ധമായ തീരുമാനമെടുക്കാനോ നടപ്പിലാക്കാനോ പാടില്ല. അതായത് സ്വയംഭരണാവകാശമുണ്ട്, പരമാധികാരമില്ല.

(vii) തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിൽ നിന്ന് അദ്ധ്യക്ഷനെ (ത്രിതല പഞ്ചായത്തുകളിൽ പ്രസിഡന്റ്/മുനിസിപ്പാലിറ്റികളിൽ ചെയർപേഴ്സൺ/കോർപ്പറഷനുകളിൽ മേയർ) ജനപ്രതിനിധികൾ തിരഞ്ഞെടുക്കുന്നു.

(viii) അദ്ധ്യക്ഷനാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ കാര്യനിർവഹണ അധികാരസ്ഥൻ ( Executive Authority).

(ix) സെക്രട്ടറിയാണ് കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ

(x) സ്ഥാപനമേധാവികൾ എക്സ് ഒഫീഷ്യോ സെക്രട്ടറിമാരാണ്.

(xi) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലകളും (വാർഡ് വിഭജനം, സംവരണ മണ്ഡലങ്ങളും സ്ഥാനങ്ങളും നിശ്ചയിക്കൽ, അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, അദ്ധ്യക്ഷ തിരഞ്ഞെടുപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ് തുടങ്ങിയവ) തിരഞ്ഞെടുപ്പ് കമ്മീഷനാണ് നിറവേറ്റുന്നത്.

## 9. തദ്ദേശഭരണ സ്ഥാപനങ്ങളും കമ്മിറ്റി സംവിധാനവും

കൂട്ടുത്തരവാദിത്തിലധിഷ്ഠിതമാണ് കേരളത്തിലെ പ്രാദേശിക സർക്കാർ സംവിധാനം. ഒരു വ്യക്തിയിൽ അധികാരം കേന്ദ്രീകരിക്കുന്നില്ല. തീരുമാനങ്ങളെടുക്കുന്നതും നടപ്പിലാക്കുന്നതും കൂട്ടായ പ്രക്രിയയാണ്. അതിനായി വിവിധ കമ്മിറ്റി സംവിധാനങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## i) സ്റ്റാൻഡിംഗ് കമ്മിറ്റികൾ

- പ്രാദേശിക ഭരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനുള്ള ജനാധിപത്യ-പങ്കാളിത്ത വേദികളാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ.
- തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനപ്രതിനിധികളാണ് സ്റ്റാൻഡിംഗ് കമ്മിറ്റികളിലെ അംഗങ്ങൾ.
- എല്ലാ അംഗങ്ങളും ഏതെങ്കിലും ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അംഗമായിരിക്കും.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളിലേയും എക്സ് ഒഫീഷ്യോ അംഗമാണ്.
- ഒരു അംഗത്തിന് ഒന്നിലധികം സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ അംഗമാകാൻ കഴിയില്ല.
- ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിക്കും ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കുന്നതാണ്.
- ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ വൈസ് പ്രസിഡണ്ട്/വൈസ് ചെയർമാൻ/ഡെപ്യൂട്ടി മേയർ ആയിരിക്കും.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ എല്ലാ ചുമതലകളും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കായി വിഭജിച്ചുനൽകിയിരിക്കുന്നു. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം ഭരണസമിതി അംഗീകരിച്ചാലേ ആയതിന് പ്രാബല്യമുണ്ടാകൂ.
- തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഏതെല്ലാമെന്ന് പട്ടിക - 2 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2 : തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ**

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പേര് | ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും | | | | |
|---|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർ |
| 1. | ധനകാര്യം | √ | √ | √ | √ | √ |
| 2. | വികസനം | √ | √ | √ | √ | √ |
| 3. | ക്ഷേമകാര്യം | √ | √ | √ | √ | √ |
| 4. | ആരോഗ്യവും വിദ്യാഭ്യാസവും | √ | √ | √ | | |
| 5. | പൊതുമരാമത്ത് | | | √ | √ | √ |
| 6. | ആരോഗ്യം | | | | √ | √ |
| 7. | വിദ്യാഭ്യാസം, കല, കായികം | | | | √ | |
| 8. | വിദ്യാഭ്യാസം | | | | | √ |
| 9. | നഗരാസൂത്രണം | | | | | √ |
| 10. | നികുതി അപ്പീൽ | | | | | √ |

## i) സ്റ്റിയറിംഗ് കമ്മിറ്റി

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും അടങ്ങുന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റി. സ്റ്റാൻഡിംഗ് കമ്മിറ്റി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ ചുമതല.

## ii) പ്രവർത്തന കമ്മിറ്റികൾ

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വിഷയമേഖലകളിൽ പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. അതത് വിഷയമേഖലകളിലെ പദ്ധതി ആസൂത്രണ-നിർവഹണ-മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് പ്രവർത്തന കമ്മിറ്റികളുടെ ചുമതല.

### iii) സബ് കമ്മിറ്റികൾ

ഏതെങ്കിലും പ്രത്യേക പ്രവൃത്തിയോ പ്രോജക്ടോ നടപ്പിലാക്കുന്നതിന് സബ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. ആ പ്രത്യേക പ്രവർത്തനം കാര്യക്ഷമമാക്കാൻ സബ് കമ്മിറ്റി പ്രവർത്തനം സഹായകരമാകുന്നു.

### iv) വാർഡ് കമ്മിറ്റികൾ

ഓരോ വാർഡിന്റേയും തനതായ ആവശ്യങ്ങൾക്കായി രൂപീകരിക്കാവുന്ന കമ്മിറ്റി (മുനിസിപ്പാലിറ്റി ആക്ടിലെ 43-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന വാർഡ് കമ്മിറ്റിയല്ല). വാർഡിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും സഹായിക്കുക, മേൽനോട്ടം വഹിക്കുക, വിലയിരുത്തുക എന്നിവയാണ് ഈ കമ്മിറ്റിയുടെ ചുമതല.

കേരള മുനിസിപ്പാലിറ്റി ആക്ടിലെ 43 -ാം വകുപ്പ് അനുസരിച്ച് ഒരു ലക്ഷത്തിലേറെ ജനസംഖ്യയുള്ള നഗരഭരണ സ്ഥാപനങ്ങളിൽ ഓരോ വർഡിലും ഒരു വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആക്ട് പ്രകാരം വാർഡ് സഭയ്ക്കുള്ള അധികാരങ്ങളും ചുമതലകളും ഈ വാർഡ് കമ്മിറ്റികൾക്ക് ഉണ്ടായിരിക്കുന്നതാണ്.

### v) ജോയിന്റ് കമ്മിറ്റികൾ

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് നടത്തുന്ന കൂട്ടുത്തരവാദിത്തമുള്ള പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രാതിനിധ്യമുള്ളവിധം രൂപീകരിക്കുന്ന കമ്മിറ്റികൾ. ഉദാ: രണ്ടു പഞ്ചായത്തുകൾ ചേർന്ന് ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നു എങ്കിൽ രണ്ടു പഞ്ചായത്തുകളിൽ നിന്നുമുള്ള പ്രതിനിധികളടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നു.

## 10. പ്രാദേശിക ഭരണസംവിധാനവും ജനകീയ സംഘടനാ സംവിധാനങ്ങളും

ജനാധിപത്യ ഭരണവ്യവസ്ഥയിൽ ജനങ്ങൾക്ക് വിശ്വാസമുണ്ടാകണമെങ്കിൽ അവർക്ക് ഭരണത്തിൽ പങ്കാളിത്തമുണ്ടാകണം. ജന

ങ്ങൾ കേവലം പ്രജകളോ ഗുണഭോക്താക്കളോ ആകരുത്. തീരുമാനങ്ങൾ എടുക്കുന്നതിലും അത് നടപ്പാക്കുന്നതിലും നടപ്പാക്കിയ കാര്യങ്ങൾ വിലയിരുത്തുന്നതിലും ജനങ്ങൾക്ക് പങ്കാളികളാകാൻ കഴിയുമ്പോൾ മാത്രമേ ജനാധിപത്യം ഫലവത്താകുകയുള്ളു.

പഞ്ചായത്ത്‌രാജ്/മുനിസിപ്പാലിറ്റി നിയമ പ്രകാരമുള്ള ഗ്രാമസഭ/വാർഡ്സഭ, പ്രവർത്തന കമ്മിറ്റി, സബ് കമ്മിറ്റി, വാർഡ് കമ്മിറ്റി തുടങ്ങിയവയ്ക്ക് പുറമെ സർക്കാർ നിർദ്ദേശങ്ങളോടെയും അല്ലാതേയും ഉള്ള നിരവധി ജനകീയ സംഘടനാ സംവിധാനങ്ങൾ ഓരോ പ്രദേശത്തും പ്രവർത്തിക്കുന്നുണ്ട്. പാടശേഖര സമിതികൾ, പി.ടി.എ.കൾ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ, അങ്കണവാടി വെൽഫയർ കമ്മിറ്റികൾ, കുടുംബശ്രീ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനങ്ങൾ (അയൽകൂട്ടം, എ.ഡി.എസ്., സി.ഡി.എസ്.), ഗുണഭോക്തൃ സമിതികൾ തുടങ്ങിയവ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചു പ്രവർത്തിക്കുന്നവയാണ്. ഇവക്കുപുറമെ ക്ലബ്ബുകൾ, വായനശാലകൾ, വിദ്യാർത്ഥി-യുവജന-വനിതാ-വയോജന-കർഷക, തൊഴിലാളി സംഘടനകൾ, പെൻഷനേഴ്സ് അസോസിയേഷനുകൾ, സർവ്വീസ് സംഘടനകൾ മുതലായവയും നിരവധി സന്നദ്ധ-സാമൂഹ്യ സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. ഇവയെയെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കേണ്ടതാണ്. എങ്ങനെ? തദ്ദേശഭരണ സ്ഥാപനം നടത്താനുദ്ദേശിക്കുന്ന ഓരോ പ്രവർത്തനവും അതിൽ സഹകരിക്കാനും അതിനെ സഹായിക്കാനും കഴിയുന്ന സംഘടനകളുമായി കൂടിയാലോചിച്ച് തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. അതിലൂടെ സാധ്യമാകുന്ന പങ്കാളിത്ത ജനാധിപത്യഭരണം പ്രാദേശിക ഭരണത്തിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തും.

## 11. സർക്കാർ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അതത് പ്രദേശത്തുള്ള സർക്കാർ സ്ഥാപനങ്ങളേയും അവയിലെ ഉദ്യോഗസ്ഥരേയും പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയിട്ടുണ്ട്. കൃഷിഭവൻ, മൃഗാശുപത്രി, അലോപ്പതി-ആയുർവേദ-ഹോമിയോ ആശുപത്രികൾ, അങ്കണവാടികൾ, സർക്കാർ പ്രൈമറി സ്കൂളുകൾ തുട

ങ്ങിയവയെല്ലാം ഇന്ന് ഗ്രാമപഞ്ചായത്തുകളുടേയോ നഗരപാലികാ സ്ഥാപനങ്ങളുടേയോ നിയന്ത്രണത്തിലുള്ളവയാണ്. ഇവയിലെ ഉദ്യോഗസ്ഥരെല്ലാം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരാണ്. ഇതുപോലെ ബ്ലോക്ക്-ജില്ലാ -പഞ്ചായത്തുകൾക്കും അതാത് തലങ്ങളിലുള്ള സ്ഥാപനങ്ങളേയും അവയിലെ ഉദ്യോഗസ്ഥരേയും കൈമാറിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ വിഷയമേഖലകളിലുള്ള പ്രവർത്തനങ്ങൾ (ഉദാ: കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവ) ഈ സ്ഥാപനങ്ങളിലൂടേയും ഉദ്യോഗസ്ഥരിലൂടേയുമാണ് നടപ്പിലാക്കുന്നത്. തദ്ദേശഭരണ സ്ഥാപനം തീരുമാനങ്ങൾ എടുക്കുമ്പോൾ, നിയമപരവും സാങ്കേതികവും സാമ്പത്തികവും ആയ വിദഗ്ധ ഉപദേശം നൽകേണ്ടത് ഇവയിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണ്.

## 12. പ്രാദേശിക ഭരണസംവിധാനത്തിൽ വിദ്യാർത്ഥികളുടെ പങ്ക്

വ്യത്യസ്ഥ വിഭാഗത്തിൽപ്പെട്ടവരെ ഉൾക്കൊള്ളാൻ കഴിയുംവിധമാണ് പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. വിദ്യാർത്ഥികൾക്കും അതിൽ 2 രീതിയിൽ ഭാഗമാക്കാവുന്നതാണ്.

1. വിദ്യാഭ്യാസപരമായ ( Academic) പ്രവർത്തനങ്ങളിൽ.
2. സാമൂഹ്യ സേവന ( Social Service) പ്രവർത്തനങ്ങളിൽ.

### (i) വിദ്യാഭ്യാസപരമായ ഇടപെടൽ സാധ്യതകൾ

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനരേഖ, പദ്ധതിരേഖ, നീർത്തട മാസ്റ്റർ പ്ലാൻ, ജൈവവൈവിധ്യ രജിസ്റ്റർ, ആസ്തി രജിസ്റ്റർ, പൗരാവകാശരേഖ തുടങ്ങിയവ പഠനവിധേയമാക്കുക, അവ കാലികമാക്കുന്നതിലും മെച്ചപ്പെടുത്തുന്നതിലും സഹായിക്കുക.
- വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ പദ്ധതികളെ പഠന വിധേയമാക്കുക.
- അതത് പ്രദേശത്ത് അന്വേഷണം, പഠനം എന്നിവ നടത്തി വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടു

ത്തുക. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുക.

- തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് (ആരോഗ്യം, പരിസ്ഥിതി, മാലിന്യസംസ്കരണം, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം തുടങ്ങിയവ) പഠനങ്ങൾ, ചർച്ചകൾ എന്നിവ നടത്തുക. പ്രശ്നങ്ങളുടെ രൂക്ഷത ജനങ്ങളെ ബോധ്യപ്പെടുത്തുക, ഭരണകർത്താക്കളെ ബോധ്യപ്പെടുത്തുക, തദ്ദേശഭരണ സ്ഥാപനതലത്തിൽ പരിഹാര നടപടികൾ ഏറ്റെടുക്കാൻ പ്രേരിപ്പിക്കുക. (ഈ വിഷയങ്ങളെ അടിസ്ഥാനമാക്കി ഗവേഷണ പ്രോജക്ടുകൾ പാഠ്യപ്രവർത്തനത്തിന്റെ ഭാഗമായും ഏറ്റെടുക്കാവുന്നതാണ്).
- വിദ്യാർത്ഥികളെ പൊതു പങ്കാളിത്ത വേദികളിൽ സജീവമാക്കുക. ആയതിലേക്ക് ക്വിസ്, പോസ്റ്റർ പ്രദർശനം, തെരുവ്നാടകം, സംവാദം, ജനപ്രതിനിധികളുമായി അഭിമുഖം എന്നിവ സംഘടിപ്പിക്കാവുന്നതാണ്.
- വില്ലേജ് എഡ്യുക്കേഷൻ കമ്മിറ്റി, മുനിസിപ്പൽ തല വിദ്യാഭ്യാസ സമിതി എന്നിവയുടെ നടപടി ക്രമങ്ങൾ നിരീക്ഷിക്കുക. തീരുമാനങ്ങൾ ശ്രദ്ധിക്കുക, ആവശ്യമെങ്കിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

### (ii) സാമൂഹ്യസേവനപരമായ ഇടപെടൽ സാധ്യതകൾ

- വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഗ്രാമസഭകളിൽ പങ്കെടുക്കുക. ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രേരിപ്പിക്കുക, ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- കുട്ടികൾ ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്, പ്രത്യേകിച്ചും പെൺകുട്ടികൾ. ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ഗ്രാമസഭ/വാർഡ് സഭകളിൽ പങ്കെടുത്ത് പ്രാദേശിക സർക്കാരുകൾക്ക് മുമ്പിൽ വിഷയം അവതരിപ്പിക്കുക.

- പൗരഭരണ കേന്ദ്രങ്ങളായി ( Citizens Governance) പ്രവർത്തിക്കുന്ന സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളുടെ/വാർഡ്കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
- വിദ്യാർത്ഥികളുടെ യാത്ര ഏറെ ദുരിതപൂർണ്ണമാണ്. തദ്ദേശഭരണ സ്ഥാപന ജനപ്രതിനിധികൾ, പോലീസ് അധികാരികൾ എന്നിവരുമായി ബന്ധപ്പെട്ട് പരിഹാര നടപടികൾ സംഘടിപ്പിക്കുക.
- കേരള ലീഗൽ സർവ്വീസ് ഏജൻസിയുമായി ബന്ധപ്പട്ട് നിയമ സാക്ഷരതാ പരിപാടികൾ സംഘടിപ്പിക്കുക.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ ആസൂത്രകരായും സംഘാടകരായും നടത്തിപ്പുകാരായും സന്നദ്ധ സേവനം നൽകുക. വിവിധ പൊതു പരിപാടികളുടെ സംഘാടന ചുമതലയിൽ പങ്കുചേരുക.
- സർവ്വെകൾ, പഠനങ്ങൾ, പ്രചരണ പരിപാടികൾ, ബോധവത്കരണ പരിപാടികൾ എന്നിവയിൽ സന്നദ്ധ സേവകരായി പങ്കെടുക്കുക.
- ആവശ്യമായ സന്ദർഭങ്ങളിൽ കായികാദ്ധ്വാനം സന്നദ്ധസേവനമായി നൽകി പ്രാദേശിക വികസന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പുകൾ, ജനകീയ സംഘടനാ സംവിധാനങ്ങൾ, പദ്ധതി നിർവ്വഹണം എന്നിവയിൽ സാമൂഹ്യ പ്രതിബദ്ധതയോടെ ഇടപെടുക.
- വിദ്യാഭ്യാസ അവകാശ നിയമപ്രകാരം വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ ആവിഷ്കരിക്കുക.
- ബാലസഭ, ബാലപഞ്ചായത്ത് എന്നീ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുക.
- കൗമാര ക്ലബ്ബുകൾ, സയൻസ് ക്ലബ്ബുകൾ, പരിസ്ഥിതി ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ സജീവമാക്കുക.

..............................................